# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2086 10/10/2011-ൽ മറുപടിയ്ക്ക്

## മരുന്ന് വിതരണ കമ്പനികൾ

ചോദ്യം — ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:

മറുപടി — ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പത്തുകോടി രൂപ ടേണോവറുള്ള കമ്പനികൾ മാത്രമേ മരുന്ന് നൽകാനുള്ള ക്വട്ടേഷനിൽ പങ്കെടുക്കാൻ പാടുള്ളൂ എന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുക എന്നതാണോ ഈ തീരുമാനത്തിലൂടെ കോർപ്പറേഷൻ ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | അതെ |
| (സി) | ഇതിനെതിരെ പല കമ്പനികളും കോടതിയെ സമീപിച്ചതു കാരണം സർക്കാർ ആശുപത്രികളിലെ മരുന്നു വിതരണം അവതാളത്തിലായ സാഹചര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) & (ഡി) | ഈ വിഷയം സംബന്ധിച്ച് ഒരു കമ്പനിയും കോടതിയെ സമീപിച്ചിട്ടില്ല. |
| (ഡി) | കോടതിയെ സമീപിച്ച കമ്പനികളുടെ കൂട്ടത്തിൽ ഗുണനിലവാരം കുറഞ്ഞ മരുന്ന് നൽകിയതിന് കോർപ്പറേഷൻ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ കമ്പനികളും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള സ്ഥാപനങ്ങളിൽ മരുന്ന് വിതരണം ചെയ്യുന്നത് കോർപ്പറേഷനാണെ ന്നിരിക്കെ വിതരണത്തിലെ സ്തംഭനം നീക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളു മെന്ന് വ്യക്തമാക്കുമോ; | (ഇ) | 2008 സാമ്പത്തിക വർഷാരംഭം മുതൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സർക്കാർ ആശുപത്രി കൾക്കുവേണ്ട ഗുണമേന്മയുള്ള മരുന്നുകളും ചികിത്സാസാമഗ്രികളും മിതമായ വിലയ്ക്ക് വാങ്ങി സംഭരിച്ച് ആവശ്യാനു സരണം വിതരണം ചെയ്തു വരുന്നു. സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശ അനുസരിച്ചാണ് ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള ഔഷധങ്ങൾ സർക്കാർ ആശുപത്രികളിലെ വിതരണത്തിനായി കോർപ്പറേഷൻ സംഭരിക്കുന്നത്. ഓരോ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി ആവശ്യമുള്ള മരുന്നു കളുടെയും ചികിത്സാ സാമഗ്രികളുടെയും വാർഷിക ഇൻഡന്റുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ശേഖരിച്ച് റേറ്റ് കോൺട്രാക്റ്റ് നിശ്ചയി ക്കുന്നതിനായി ടെണ്ടറുകൾ ക്ഷണി ക്കുന്നു. കോർപ്പറേഷൻ നിശ്ചയിക്കുന്ന വ്യവസ്ഥകളും ഡ്രഗ്സ് ആൻറ് കോസ്മറ്റിക്സ് ചട്ടങ്ങളിലെ പുതുക്കിയ ഷെഡ്യൂൾ എം നിഷ്കർഷിക്കുന്ന സ്ഥാപനങ്ങളെ മാത്രമേ ടെണ്ടറിൽ പങ്കെടുപ്പിക്കാറുള്ളൂ.<br>ആശുപത്രികൾ നൽകുന്ന വാർഷിക ഇൻഡന്റ് പ്രകാരം ഓരോ മൂന്നു മാസക്കാലത്തേക്ക് ആവശ്യമുള്ള മരുന്നു കളാണ് ടെണ്ടറിൽ സ്ഥിരപ്പെടുത്തിയ റേറ്റ് പ്രകാരം സപ്ലയർമാരിൽ നിന്നും സംഭരി ക്കുന്നത്. ഇപ്രകാരം സംഭരിക്കുന്ന എല്ലാ ബാച്ച് മരുന്നുകളുടെയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയതിനു ശേഷം ഷെഡ്യൂൾ പ്രകാരം ആശുപത്രി കൾക്ക് വിതരണം ചെയ്യുന്നു. മെഡിക്കൽ കോളേജുകൾക്ക് മാസത്തിൽ മൂന്ന് പ്രാവശ്യവും, ജനറൽ/ജില്ലാ ആശുപത്രി കൾക്ക് മാസത്തിൽ രണ്ട് പ്രാവശ്യവും താലൂക്ക് ആശുപത്രികൾ/ബി.പി.എച്ച്.സി/ |

| | | | |
|---|---|---|---|
| | | | സി.എച്ച്.സി എന്നിവയ്ക്ക് മാസത്തിൽ ഒരു പ്രാവശ്യവും മിനി പി.എച്ച്.സികൾക്ക് മൂന്ന് മാസത്തിലൊരിക്ക ലുമാണ് ഇപ്പോൾ അംഗീകരിച്ചിട്ടുള്ള വിതരണക്രമം. ഇതിനു പുറമെ അധിക മരുന്നു ആവശ്യമായി വരുകയോ സാധാരണ സപ്ലൈയിൽ ആവശ്യാനുസരണം മരുന്ന് നൽകാൻ സാധിക്കാതെ വരികയോ ചെയ്താൽ കൂടുതൽ പ്രാവശ്യം മരുന്ന് നൽകാറുണ്ട്.<br><br>ഓരോ ജില്ലാ സ്റ്റോറുകളുടേയും മരുന്നിന്റെ സ്റ്റോക്ക് പൊസിഷൻ കോർപ്പറേഷന്റെ ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം മുഖേന നിരീക്ഷിക്കുവാൻ സംവിധാനമുണ്ട്. ഏതെങ്കിലും ജില്ലയിൽ മരുന്നിന്റെ കുറവനുഭവപ്പെട്ടാൽ അവ ഇന്റർവെയർ ഹൗസ് ട്രാൻസ്ഫർ മുഖേന ലഭ്യമാക്കാറുണ്ട്. |
| (എഫ്) | ലോക്കൽ പർച്ചേസ് സംവിധാനം ശക്തിപ്പെടുത്തുമോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എഫ്) | പഞ്ചായത്തുകളുടെ ഫണ്ട് എച്ച്.ഡി.സി ഫണ്ട്, ആർ. എസ്. ബി.വൈ ഫണ്ട് എന്നിവ ഉപയോഗിച്ചും ആശുപത്രി സൂപ്രണ്ടുമാർ സാധാരണയായി ലോക്കൽപർച്ചേസ് നടത്തിവരുന്നുണ്ട്. 501ന് മുകളിൽ കിടക്കകളുള്ള ആശുപത്രി സൂപ്രണ്ടിന് 25,000/- രൂപയും 50 നും 500 നും ഇടയിലുള്ള ആശുപത്രി സൂപ്രണ്ടുമാർക്ക് 20,000/- രൂപയും 50 കിടക്കവരെയുള്ള ആശുപത്രി സൂപ്രണ്ട്മാർക്ക് 5000 രൂപയും അടിയന്തിര ഘട്ടങ്ങളിൽ സ്റ്റോർ പർച്ചേസ് നിയമപ്രകാരമല്ലാതെ ലോക്കൽ പർച്ചേസ് നടത്തുവാൻ അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ